**ചീഫ് എൻജിനീയറുടെ കാര്യാലയം**
**തദ്ദേശ സ്വയംഭരണ വകുപ്പ്**
**റവന്യൂ കോംപ്ളക്സ്, മൂന്നാം നില**
**പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,**
**തിരുവനന്തപുരം-33**

**Phone : 0471-2324951**
**0471-2325071**
**TeleFAX:0471-2324951**
**email: celsgd@rediffmail.com**
**website: www.celsgd.com**

**അടിയന്തിരം / സമയപരിധി**

**നമ്പർ.ഡി.ബി-1/സിഇ/പിഎഫ്/തസ്വഭവ/2010** **തീയതി : 04.02.2011.**

പ്രേഷിതൻ

ചീഫ് എൻജിനിയർ.

സ്വീകർത്താവ്

സെക്രട്ടറി/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
........................................ബ്ലോക്ക് പഞ്ചായത്ത്.

സെക്രട്ടറി/മുനിസിപ്പൽ എഞ്ചിനീയർ,
........................................മുനിസിപ്പാലിറ്റി.

സർ,

വിഷയം: തസ്വഭവ - റോഡ് പുനരുദ്ധാരണ പദ്ധതി- അധിക മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത് - സംബന്ധിച്ച്

സൂചന: സ.ഉ (സാധാ) നം.354/2011/തസ്വഭവ തീയതി 02.02.2011

ഇക്കഴിഞ്ഞ കാലവർഷത്തിൽ ഒട്ടുമിക്ക റോഡുകളും വളരെ മോശമായ അവസ്ഥയിലായതുകൊണ്ട് അവയുടെ അടിയന്തിര പുനരുദ്ധാരണത്തിനും അവ ഗതാഗത യോഗ്യമാക്കുന്നതിനും വേണ്ടിയാണ് 'റോഡ് പുനരുദ്ധാരണ പദ്ധതി'യിൽ സർക്കാർ ഫണ്ട് അനുവദിച്ചിട്ടുള്ളത്. എന്നാൽ താഴെപറയുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നാളിതുവരെയും തുടങ്ങിയിട്ടില്ല എന്ന് സൂചന സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

**ബ്ലോക്ക് പഞ്ചായത്തുകൾ** - ചമ്പക്കുളം, കടുത്തുരുത്തി, ഏറ്റുമാനൂർ, പാമ്പാടി, മാടപ്പള്ളി, കാഞ്ഞിരപ്പള്ളി, പറവൂർ, അങ്കമാലി, വൈറ്റില, പാറക്കടവ്, മതിലകം, നെന്മാറ, പൊന്നാനി, പെരുമ്പടപ്പ്, വടകര, പന്തലായിനി, സുൽത്താൻ ബത്തേരി.

**മുനിസിപ്പാലിറ്റികൾ** - പറവൂർ, അടൂർ, തിരുവല്ല, കായംകുളം, മൂവാറ്റുപുഴ, ആലുവ, ഗുരുവായൂർ, ചാവക്കാട്, കൊടുങ്ങല്ലൂർ, പൊന്നാനി, മഞ്ചേരി.

ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ കൃത്യവിലോപമായിട്ടാണ് കണക്കാക്കപ്പെടുന്നത്. ആയതിനാൽ റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കി അനുമതി ലഭ്യമാക്കി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുവാനും ആയവയുടെ പുരോഗതി ഈ ആഫീസിൽ സമർപ്പിക്കുവാനും നിർദ്ദേശിക്കുന്നു. സൂചനയിലെ സർക്കാർ ഉത്തരവ് സർക്കാർ വെബ് സൈറ്റിൽ ലഭ്യമാണ്.

വിശ്വസ്തതയോടെ,

ചീഫ് എൻജിനിയർ.

GL/MD/DB1/PF